LIBRARY ARCHIVES Kerala Legislative Assembly

ആദിവാസികളുടെ വികസനക്ഷേമ പ്രവർത്തനങ്ങൾക്കായി വയനാട് ജില്ലയിൽ അനുവദിച്ച തുകയുടെ വിനിയോഗം

154 (2433) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികളുടെ വികസന ക്ഷേമപ്രവർത്തനങ്ങൾക്കായി വയനാട് ജില്ലയിൽ അനുവദിച്ച രണ്ട് കോടി രൂപ ഏതെല്ലാം കാര്യങ്ങൾക്കുവേണ്ടി വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അവശേഷിക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) പഞ്ഞമാസങ്ങളിലെ പട്ടിണിയും ദാരിദ്ര്യവും ഇല്ലാതാക്കാൻ എന്തെങ്കിലും പ്രത്യേക പദ്ധതി തയ്യാറാക്കുമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) വീടില്ലാത്ത കുടുംബങ്ങൾക്ക് വീട് വച്ചുകൊടുക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) പ്രസ്തുത തുക ദുരുപയോഗം ചെയ്യാതിരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആദിവാസി വികസന ക്ഷേമ പ്രവർത്തനങ്ങൾക്കായി വയനാട് ജില്ലയിൽ 2002-03 വർഷം 7,56, 79,273 രൂപയാണ് അനുവദിച്ചത്. ഇതിൽ 7,47,73,889 രൂപ ആ വർഷം ചെലവഴിച്ചതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്.

(ബി) 2002-03 വർഷം വയനാട് ജില്ലയ്ക്ക് വകയിരുത്തിയ തുകയിൽ 9,05,364 രൂപ ചെലവഴിക്കാൻ കഴിഞ്ഞില്ല എന്നാണ് കണക്കാക്കിയിരിക്കുന്നത്.

(സി) പഞ്ഞമാസങ്ങളിൽ പട്ടികവർഗ്ഗക്കാരുടെ ഇടയിൽ ഉള്ള പട്ടിണിയും ദാരിദ്ര്യവും ഇല്ലാതാക്കുന്നതിന് സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ) പരിപാടിയിൽ ഉൾപ്പെടുത്തി ഫുഡ് പ്രോഗ്രാം നടപ്പാക്കി വരുന്നു. ഈ പദ്ധതിക്ക് പൂരകമായി ഊരുകൂട്ടങ്ങൾ മുഖേന പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ ഫുഡ് സപ്പോർട്ട് പ്രോഗ്രാം (അധിക ഭക്ഷണ പരിപാടി) നടപ്പാക്കുന്നുണ്ട്. ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കാത്ത എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും പഞ്ഞ മാസങ്ങളിൽ സൗജന്യ അരി വിതരണവും നടത്താറുണ്ട്.

2002-03 വർഷം മുതൽ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള പട്ടികവർഗ്ഗക്കാർക്കുവേണ്ടി തെരഞ്ഞെടുത്ത ജില്ലകളിൽ ധാന്യ ബാങ്കുകളും ആരംഭിച്ചിട്ടുണ്ട്. ഇത് സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ ഫെഡറേഷൻ മുഖേനയാണ് നടപ്പാക്കുന്നത്.

(ഡി) ഭവന രഹിതരായ പട്ടികവർഗ്ഗക്കാർക്ക് വീട് വച്ചുകൊടുക്കുന്നതിന് പട്ടികവർഗ്ഗ ഉപ പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ ഒരു ഭവനനിർമ്മാണ പരിപാടി നടപ്പാക്കി വരുന്നുണ്ട്. കൂടാതെ പ്രാക്തന ഗോത്രവർഗ്ഗക്കാർക്കായുള്ള പ്രത്യേക ഭവന പദ്ധതിയും ഇപ്പോൾ നിലവിലുണ്ട്. സംസ്ഥാനത്തെ ഭവനരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും സമയബന്ധിതമായി വീട് വച്ചു നല്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതി 2003-04 വർഷം ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(ഇ) ഉണ്ട്. പ്രസ്തുത തുക ദുരുപയോഗം ചെയ്യാതിരിക്കുന്നതിനുവേണ്ടി ഈ പരിപാടികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഊരുകൂട്ടം മുഖേനയാണ്. ഭവന നിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ദ്ധ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ പട്ടികവർഗ്ഗക്കാരുടെ വ്യത്യസ്ത പ്രദേശങ്ങൾക്കും അവരുടെ താല്പര്യങ്ങൾക്കും അനുയോജ്യമായ തരത്തിൽ പ്രാദേശിക സാധനസാമഗ്രികൾ ഉപയോഗിച്ച് നിർമ്മിക്കാവുന്ന വീടുകളുടെ പ്ലാൻ തയ്യാറാക്കി അംഗീകാരം നല്കി ചെലവഴിക്കാവുന്ന തുകയ്ക്ക് പരിധി നിശ്ചയിച്ച് നടപ്പാക്കുന്നതാണ്. സന്നദ്ധ സംഘടനകളുടെയും ഊരുകൂട്ടങ്ങളുടെയും മേൽ നോട്ടത്തിൽ പട്ടികവർഗ്ഗക്കാരുടെ തന്നെ മേസൻസ് ഗ്രൂപ്പ് രൂപീകരിച്ച് ഭവന നിർമ്മാണം നടത്തുന്നതുകൊണ്ട് ഗുണഭോക്താക്കളുടെ പങ്കാളിത്തവും ചെലവും നിയന്ത്രിക്കാൻ കഴിയുന്നതാണ്.

വയനാട് ജില്ലയിൽ ആദിവാസികൾക്ക് വിതരണം ചെയ്ത ഭൂമി

155 (2434) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ ആദിവാസികൾക്ക് എത്ര ഏക്കർ ഭൂമി വിതരണം ചെയ്തു എന്നതിനെ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ ;

(ബി) വയനാട് ജില്ലയിൽ ആകെയുള്ള ആദിവാസി കുടുംബങ്ങൾ എത്ര ;

(സി) സ്വന്തമായി ഭൂമി ഇല്ലാത്തവർ എത്രയെന്നും ഒരേക്കറിൽ താഴെ മാത്രം ഭൂമിയുള്ളവർ എത്രയെന്നും പറയാമോ ;

(ഡി) ഇതിനകം വിതരണം ചെയ്ത ഭൂമി ഏത് വകുപ്പിന്റെ കീഴിലുള്ളതാണ് ;

(ഇ) ഒരു കുടുംബത്തിന് എത്ര ഏക്കർ ഭൂമി വീതം നല്കിയിട്ടുണ്ട് ;

(എഫ്) മുഴുവൻ ഭൂരഹിതർക്കും ഭൂമി നല്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ജി) ആദിവാസി ക്ഷേമസമിതിയുമായി ഉണ്ടാക്കിയ കരാർ നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ അതിലെ കരാർ വ്യവസ്ഥകൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

(എച്ച്) നിക്ഷിപ്ത വനഭൂമി നല്കാമെന്ന് കേന്ദ്രം ഉറപ്പുനല്കിയിട്ടുള്ളതായി മുഖ്യമന്ത്രി വ്യക്തമാക്കിയ സാഹചര്യത്തിൽ പ്രസ്തുത ഭൂമിയിൽ കുടിൽ കെട്ടിയും കൃഷി ചെയ്തും ജീവിക്കുന്ന ആദിവാസികൾക്ക് കൈവശരേഖ നല്കാൻ നടപടി സ്വീകരിക്കുമോ ;

(ഐ) പ്ലാന്റേഷൻ ഭൂമി നല്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം പ്ലാന്റേഷൻ ഭൂമിയാണ് നല്കാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ജെ) സ്വകാര്യ തോട്ടം ഭൂമി ഏറ്റെടുത്ത് നല്കാൻ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ; ഇത് സംബന്ധിച്ച് വയനാട് ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly